**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 421** **27.09.2016-ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; ഊർജ്ജ വകുപ്പ് ഇതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ട്; ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി 31.03.2017- ഓടു കൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി ബഡ്ജറ്റിൽ ഊർജ്ജ വകുപ്പിന് തുക വകയിരുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രധിനിധികളുടെ (MLA SDF, MLA ADF,MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നുമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുക കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്<br>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ. എസ്. ഇ. ബി. ലിമിറ്റഡും നടത്തുകയും ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് ഗുണഭോക്താക്കളുടെ കരട് പട്ടിക 09.09.2016-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണി-ക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കിയും വിട്ടു പോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്റ്റംബറിൽ പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്റ്റംബർ അവസാനത്തോടുകൂടി തയ്യാറാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

Hemalatha

**സെക്ഷൻ ഓഫീസർ**